# പ്രാരംഭ(പ്രവേശക)കൂദാശകൾ

**ഫാ.ജോർജ് ദാനവേലിൽ**

ക്രിസ്തീയജീവിതത്തിന്റെ സുപ്രധാന നിമിഷങ്ങളെ സ്പർശിക്കുന്ന സഭയുടെ കൂദാശകളെ, പ്രാരംഭ (പ്രവേശക) കൂദാശകൾ എന്നും (മാമ്മോദീസ, സ്ഥൈര്യലേപനം, വി. കുർബാന) സൗഖ്യദായക കൂദാശകൾ എന്നും (അനുരഞ്ജനകൂദാശ, രോഗീലേപനം) കൂട്ടായ്മയുടെയും ദൗത്യത്തിന്റെയും കൂദാശകൾ എന്നും (തിരുപ്പട്ടം, വിവാഹം) വിഭജിച്ചിരിക്കുന്നു.

പന്തക്കുസ്തായുടെ ദിവസം മുതൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു സഭ മാമ്മോദീസ നൽകിത്തുടങ്ങി. ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം നൽകുന്ന ഈ കൂദാശയുടെ സ്വീകരണത്തിലൂടെ സഭയിലേക്കുള്ള പ്രവേശനം സാധിതമാകുന്നു. മാമ്മോദീസയിൽ വീണ്ടും ജനിച്ച വിശ്വാസികൾ, സ്ഥൈര്യലേപനത്താൽ ശക്തിപ്പെട്ടു വി. കുർബാനയാൽ പരിപോഷിതരാകുന്നു.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പരിശുദ്ധ ത്രിത്വത്തെ വിളിച്ചപേക്ഷിച്ചുകൊണ്ട് അർത്ഥിയെ മൂന്നു പ്രാവശ്യം വെള്ളത്തിൽ മുക്കുകയോ തലയിൽ മൂന്നു പ്രാവശ്യം വെള്ളം ഒഴിക്കുകയോ ചെയ്യുന്നതാണു മാമ്മോദീസയുടെ സത്താപരമായ അനുഷ്ഠാനകർമ്മം(1239). ശിശുക്കൾ ഉത്ഭവപാപത്തിൽ ജനിച്ചിരിക്കുകയാൽ, തിന്മയുടെ ശക്തിയിൽനിന്നു സ്വതന്ത്രരാകേണ്ടതിനാലും ദൈവമക്കളുടെ സ്വാതന്ത്ര്യത്തിന്റെ രാജ്യത്തിലേക്കു നയിക്കപ്പെടേണ്ടതിനാലുമാണു സഭ ശിശുക്കൾക്കു മാമ്മോദീസ നല്കുന്നത്(1250).

മാമ്മോദീസ വിശ്വാസത്തിന്റെ കൂദാശയാണ്. അതിനാൽ, ഓരോ മാമ്മോദീസാർത്ഥിയോടും സഭ മാമ്മോദീസ സ്വീകരിക്കുന്നതിനുമുമ്പായി വിശ്വാസ പ്രഖ്യാപനം ആവശ്യപ്പെടുന്നു; പ്രായപൂർത്തിയായവർ വ്യക്തിപരമായും ശിശുക്കളുടെ കാര്യത്തിൽ മാതാപിതാക്കളും സഭയും അതു പ്രകടമാക്കണം. തലതൊട്ടപ്പനും തലതൊട്ടമ്മയ്ക്കും സഭാസമൂഹത്തിനു മുഴുവനും മാമ്മോദീസയ്ക്കുള്ള തയ്യാറെടുപ്പിലും മാമ്മോദീസയിൽ നല്കപ്പെടുന്ന കൃപാവരത്തിന്റെയും വിശ്വാസത്തിന്റെയും വളർത്തലിലും സംരക്ഷണത്തിലും ഭാഗികമായ ചുമതലയുണ്ട്(1253-1255).

സുവിശേഷപ്രഘോഷണം ശ്രവിച്ചവരെയും ഈ കൂദാശ ആവശ്യപ്പെടാൻ കഴിയുമായിരുന്നവരെയും സംബന്ധിച്ചിടത്തോളം രക്ഷയ്ക്കു മാമ്മോദീസസ്വീകരണം അത്യാവശ്യമാണെന്നു കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു. എന്നാൽ ക്രിസ്തു എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കായി മരിച്ചു. അതിനാൽ, മാമ്മോദീസ സ്വീകരിക്കാതെ തന്നെ വിശ്വാസത്തിനുവേണ്ടി മരിക്കുന്നവർ (രക്തത്താലുള്ള മാമ്മോദീസ സ്വീകരിച്ചവർ), മാമ്മോദീസാർത്ഥികൾ, ക്രിസ്തുവിനെയും സഭയെയും അറിയാതിരിക്കുകയും, അതേസമയം കൃപാവരത്തിന്റെ പ്രചോദനത്താൽ ആത്മാർത്ഥമായി ദൈവത്തെ അന്വേഷിക്കുകയും

അവിടുത്തെ ഹിതം നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർ (ആഗ്രഹത്താലുള്ള മാമ്മോദീസ) എന്നിവർ രക്ഷിക്കപ്പെടാൻ സാധ്യതയുണ്ട്. മാമ്മോദീസ സ്വീകരിക്കാതെ മരിക്കുന്ന കുട്ടികളെ, സഭ അവളുടെ ആരാധനക്രമത്തിൽ, ദൈവകാരുണ്യത്തിനു ഭരമേല്പിക്കുകയാണുചെയ്യുന്നത് (1257–1259).

മാമ്മോദീസയിൽ ഉത്ഭവപാപവും, വ്യക്തിപരമായ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെടുകയും പാപത്തിനുള്ള ശിക്ഷ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. വിശുദ്ധീകരണകൃപാവരത്തിലൂടെ ത്രിതൈ്വകജീവനിൽ പങ്കുചേരുകയും സഭയിലെ അംഗമായിത്തീരുകയും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരുമാക്കപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ദൈവികപുണ്യങ്ങളും മാമ്മോദീസയിലൂടെ നല്കപ്പെടുകയും മാമ്മോദീസ സ്വീകരിച്ചയാൾ ക്രിസ്തുവിന്റെ മായാത്ത മുദ്രയാൽ മുദ്രിതനാവുകയും ചെയ്യുന്നു(1262–1274).

മാമ്മോദീസയിൽ സ്വീകരിക്കുന്ന പേര് ക്രിസ്തീയജീവിതത്തിൽ ഏറെ പ്രധാനപ്പെട്ടതാണെന്നു മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു. കാരണം, ദൈവം ഓരോരുത്തരെയും അവരുടെ പേരിൽ അറിയുന്നു, അതായത് അവരുടെ വ്യതിരക്തതയിൽ. മാമ്മോദീസയിൽ, ക്രിസ്ത്യാനിക്കു സഭയിൽ സ്വന്തമായ പേരു ലഭിക്കുന്നു. അത് ഒരു വിശുദ്ധന്റെയോ വിശുദ്ധയുടെയോ ആകാം. ഇപ്രകാരം മാമ്മോദീസ സ്വീകരിച്ചയാളുടെ വിശുദ്ധജീവിതത്തിനൊരു മാതൃക നല്കുകയും ദൈവതിരുമുമ്പാകെ ആ വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം ഉറപ്പാകുകയും ചെയ്യുന്നു (2156–2159).

സ്ഥൈര്യലേപനം എന്ന കൂദാശയുടെ സത്താപരമായ അനുഷ്ഠാനകർമം വി.തൈലം കൊണ്ടുള്ള അഭിഷേകമായതിനാൽ ഈ കൂദാശയെ തൈലാഭിഷേകം എന്നും മാമ്മോദീസയിൽ ലഭിച്ച കൃപാവരത്തിന്റെ സ്ഥിരീകരണവും ശക്തീകരണവുമായതിനാൽ സ്ഥൈര്യലേപനം എന്നും ഈ കൂദാശയെ വിളിക്കുന്നു.

പന്തക്കുസ്തായിൽ എന്നതുപോലെ, പരിശുദ്ധാത്മാവിന്റെ സവിശേഷമായ വർഷിക്കപ്പെടലാണ് സ്ഥൈര്യലേപനത്തിന്റെയും ഫലം. ഈ അഭിഷേകം ആത്മാവിൽ മായാത്ത മുദ്ര പതിപ്പിക്കുന്നു. മാമ്മോദീസയിലെ കൃപാവരത്തിന്റെ വർദ്ധനവിനു ഹേതുവാകുകയും, ദൈവപുത്രത്വത്തിൽ കൂടുതൽ വേരുറപ്പിക്കപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിനോടും അവിടുത്തെ സഭയോടും ഗാഢമായി ഐക്യപ്പെടുത്തുകയും പരിശുദ്ധാത്മാവിന്റെ ദാനങ്ങളെ ആത്മാവിൽ പുനരുജ്ജീവിപ്പിച്ചുകൊണ്ടു ക്രിസ്തീയവിശ്വാസത്തിനു സാക്ഷ്യംവഹിക്കാൻ സവിശേഷമായ ശക്തിയും സ്ഥൈര്യലേപനം എന്ന കൂദാശ പ്രദാനം ചെയ്യുന്നു (1302–1305).

ക്രൈസ്തവ ജീവിതത്തിന്റെ മുഴുവൻ സ്രോതസ്സും ഉച്ചകോടിയുമാണ് വിശുദ്ധ കുർബാന. നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ വിശുദ്ധീകരണ പ്രവർത്തനത്തിന്റെയും അവിടുത്തോടുള്ള നമ്മുടെ ആരാധനയുടെയും പരമോന്നത അവസ്ഥ വിശുദ്ധ കുർബാനയിൽ

പ്രകടമാകുന്നു. സഭയുടെ ആത്മീയനന്മ മുഴുവൻ അത് ഉൾക്കൊള്ളുന്നു. ദൈവികജീവന്റെ സംസർഗവും ദൈവജനത്തിന്റെ ഐക്യവും പ്രകാശിതവും ഫലദായകവും ആകുന്നത് കുർബാനയിലാണ് (1324–1326).

വിശുദ്ധ കുർബാനയിൽ യേശു സന്നിഹിതനായിരിക്കുന്നത് അനന്യവും താരതമ്യപ്പെടുത്താനാവാത്തതുമായ രീതിയിലാണ്. അവിടുന്ന് സത്യമായിട്ടും യഥാർത്ഥമായിട്ടും സത്താപരമായിട്ടും വിശുദ്ധ കുർബാനയിൽ സന്നിഹിതനാണ്: അവിടുത്തെ ശരീരത്തോടും രക്തത്തോടും കൂടെ, അവിടുത്തെ ആത്മാവോടും ദൈവികത്വത്തോടും കൂടെ, കൗദാശികമായ രീതിയിൽ അവിടുന്ന് കുർബാനയിൽ സന്നിഹിതനായിരിക്കുന്നു. അതായത്, അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ ദൈവവും മനുഷ്യനുമായ ക്രിസ്തു മുഴുവനുമായി വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്നുവെന്നു മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (1373–1380).

വിശുദ്ധ കുർബാനയുടെ സ്വീകരണം, ക്രിസ്തുവിനോടും അവിടുത്തെ സഭയോടുമുള്ള നമ്മുടെ ഐക്യത്തെ വളർത്തുകയും ജ്ഞാനസ്നാനത്തിലും സ്ഥൈര്യലേപനത്തിലും ലഭിച്ച വരപ്രസാദജീവനെ നിലനിറുത്തുകയും നവീകരിക്കുകയും ചെയ്യുന്നു. ഉപവി നമ്മിൽ ശക്തിപ്പെടുത്തിക്കൊണ്ട് ലഘുപാപങ്ങളെ ഇല്ലാതാക്കുകയും മാരകപാപങ്ങളിൽ നിന്നു നമ്മെ കാത്തുസംരക്ഷിക്കുകയും അയല്ക്കാരനോടുള്ള സ്നേഹത്തിൽ വളരാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു.

പിതാവിന്റെ വലതുവശത്തേക്ക് ഉയർത്തപ്പെട്ടിരിക്കുന്ന ക്രിസ്തുവുമായും സ്വർഗത്തിലെ സഭയുമായും  പരിശുദ്ധ കന്യകാമറിയവുമായും സകലവിശുദ്ധരുമായും നമ്മെ ഇപ്പോൾത്തന്നെ ഐക്യപ്പെടുത്തിക്കൊണ്ട് വിശുദ്ധ കുർബാന സ്വർഗീയമായ എല്ലാ കൃപകളാലും അനുഗ്രഹങ്ങളാലും നമ്മെ നിറയ്ക്കുന്നതുകൊണ്ടും ഈ ലോകത്തിലെ തീർത്ഥാടനത്തിന് നമ്മെ ശക്തിപ്പെടുത്തുന്നതുകൊണ്ടും നിത്യജീവനെ ആഗ്രഹിക്കാൻ നമ്മെ സഹായിക്കുന്നതുകൊണ്ടും വിശുദ്ധ കുർബാന ഭാവി മഹത്ത്വത്തിന്റെ അച്ചാരമാണ് എന്നും സഭ പഠിപ്പിക്കുന്നു(1419).